STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

സി1/1608/2025/സ്കോൾ കേരള                    തീയതി : 15.07.2025

# വിജ്ഞാപനം

## സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ കോഴ്സ് (ഡി.സി.എ)

## പുന:പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പതിനൊന്നാം ബാച്ചിൽ പുന:പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഡി.സി.എ കോഴ്സ് 8,9,10 ബാച്ചുകളിൽ പ്രവേശനം നേടിയിട്ടുള്ള, പരീക്ഷ ഫീസ് ഒടുക്കിയിട്ടില്ലാത്തതും, പഠനംപൂർത്തിയാക്കാത്തതുമായ വിദ്യാർത്ഥികൾക്ക് നിലവിലെ സ്കീമും സിലബസും പ്രകാരമുള്ള ബാച്ചുകളിൽ പുന:പ്രവേശനം നേടാവുന്നതാണ്. പുന:പ്രവേശന ഫീസ് 500 രൂപയാണ്. പ്രവേശനം നേടിയിട്ടുള്ള ബാച്ചിലെ അഡ്മിഷൻ നമ്പർ, ബാച്ച് ഇവ എന്റർ ചെയ്ത് ഓൺലൈൻ അപേക്ഷയിൽ പ്രവേശിക്കാം. ഫീസ് ഓൺലൈനായി ഒടുക്കി സ്കൂളുകൾ സെലക്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.

കോഴ്സ് കാലാവധി 6 മാസം (ആകെ 240 മണിക്കൂർ). പുന:പ്രവേശന ഫീസ് ഉൾപ്പെടെ ആകെ 5800 രൂപയാണ് ഒടുക്കേണ്ടത്. പ്രവേശനം നേടിയിട്ടുള്ള ബാച്ചിൽ ആദ്യ ഗഡുവായ 2650 രൂപ ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ പുന:പ്രവേശന ഫീസിനൊപ്പം രണ്ടാം ഗഡുവായ 2650 രൂപ കൂടി ഒടുക്കേണ്ടതാണ്. പിഴ കൂടാതെ **14.08.2025** വരെയും 60 രൂപ പിഴയോടെ **23.08.2025** വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ സ്പീഡ്/ രജിസ്റ്റേർഡ് തപാൽ മാർഗം എത്തിക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും, കൈപ്പുസ്തകത്തിനും സ്കോൾ-കേരള വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ 0471- 2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭിക്കുന്നതാണ്.

Vidhya Bhavan Poojappura Thiruvananthapurm 695012

എക്സിക്യൂട്ടീവ് ഡയറക്ടർ

C1/E/SCOLE/DCA/LettersMal/509